**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 735** **24-08-2022 - ൽ മറുപടിയ്ക്ക്**

**കണ്ടല സർവീസ് സഹകരണ ബാങ്ക് ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്ക് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലയിലെ റ്റി 197 നമ്പർ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ വിവിധ വിഷയങ്ങളിലായി സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ വിവിധ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിലുള്ള സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | കാട്ടാക്കട അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി 22/01/2022 ലെ ഒ 1723/2021 നമ്പരായുള്ള റിപ്പോർട്ട് 04/02/2022 ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ വിവിധ ക്രമക്കേടുകൾ പരാമർശിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിൻ മേൽ സംഘത്തിന്റെ വിശദീകരണം തേടേണ്ടത് നിയമ പ്രകാരമുള്ള ബാധ്യതയായതിനാൽ സംഘം സെക്രട്ടറിയോട് വിശദീകരണം തേടി 21/03/2022 തീയതി കത്ത് നൽകിയിരുന്നു. സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാ എന്ന് കണ്ട് സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | 2022 ജനുവരി 22-ന് അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് സമർപ്പിച്ചെങ്കിലും ഭരണ സമിതിക്കെതിരെ നടപടിയെടുത്തിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | (സി) | ഭരണ സമിതിക്കെതിരായി നടപടി സ്വീകരിച്ച വരുന്നുണ്ട്. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിൻ മേൽ സംഘത്തോട് വിശദീകരണം തേടിയിരുന്നതും സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ട് സഹകരണ നിയമം വകുപ്പ് 32(1) (എ) (സി) പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ നേരിട്ട് ബോധ്യപ്പെടുത്തുവാൻ അവസരം നല്കുന്നതിന്റെ ഭാഗമായി 28/06/2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ |

| | | | |
|---|---|---|---|
| | | | (ജനറൽ) ഹിയറിംഗ് നടത്തിയിരുന്നു. അതേ സമയം സംഘം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ആയതിൻമേൽ ബഹുമാനപ്പെട്ട കോടതി 27/06/2022 തീയതിയിൽ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം സംഘത്തിനെതിരായി നടപടികളിൽ അന്തിമ ഉത്തരവ് ബഹുമാനപ്പെട്ട കോടതിയുടെ ബന്ധപ്പെട്ട കേസിലെ തീർപ്പിന് വിധേയമായി മാത്രം നടത്തേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. ടി വിഷയത്തിൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് കാലതാമസം ഇല്ലാതെ തന്നെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ